**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 829** **10-06-2021 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ നഗരവും കൊച്ചി നഗരസഭയുമായി ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ നഗരത്തെ കൊച്ചി നഗരസഭയുമായി ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം അടച്ചിട്ട് രണ്ട് വർഷമായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ പാലം അറ്റകുറ്റപണികൾ ചെയ്ത് സഞ്ചാര യോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; ഈ പാലം അറ്റകുറ്റപണികൾ ചെയ്ത് സഞ്ചാര യോഗ്യമാക്കാൻ സാധിക്കുമോ എന്ന് വെളിപ്പെടുത്തുമോ ; | (ബി) | നടത്തിയിട്ടുണ്ട്. വർഷങ്ങൾ പഴക്കമുള്ള ഇരുമ്പുപാലത്തിന്റെ പല ഭാഗങ്ങൾക്കും കാലപ്പഴക്കം മൂലം സാരമായ കേട്ടപാടുകൾ സംഭവിച്ചിട്ടുണ്ട്. പാലത്തിന്റെ ജോയിന്റുകളും സ്റ്റീൽബീമുകളും മറ്റുഭാഗങ്ങളും അപകടകരമാം വിധം തുരുമ്പെടുക്കുകയും വിള്ളൽ വീഴുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ ഫൗണ്ടേഷന് ചരിവ് സംഭവിക്കുകയും തന്മൂലം പാലത്തിന്റെ ഘടനയിൽ മാറ്റം വരുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാലത്തിന്റെ നടപ്പാതയിൽ സ്റ്റീൽ പ്ലേറ്റുകൾ തുരുമ്പെടുത്ത് ദ്രവിച്ച നിലയിലുമാണ്. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 2018-ൽ പാലം പരിശോധിക്കുകയും പാലത്തിൽ കൂടി ഇരുചക്രം ഒഴികെയുള്ള വാഹനഗതാഗതം നിരോധിക്കുവാൻ ഉത്തരവ് നൽകുകയും ചെയ്തു. തുടർന്ന് പാലത്തിന്റെ അപകടാ- വസ്ഥ എറണാകുളം പാലം വിഭാഗം ജില്ലാ ഭരണ കൂടത്തിന് റിപ്പോർട്ട് ചെയ്യുകയും, ജില്ലാ കളക്ടറുടെ അനുമതിയോടുകൂടി 04/03/2019 മുതൽ പാലത്തിൽ കൂടെയുള്ള ഇരുചക്രം ഒഴികെയുള്ള വാഹനഗതാഗതം നിരോധി- ക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ പാലം സാധാരണ രീതിയിൽ ചെറിയ അറ്റകുറ്റ പണികൾ നടത്തി ഗതാഗതത്തിന് തുറന്ന് കൊടുക്കാൻ സാധിക്കുന്നതല്ല. |
| (സി) | ഇല്ലെങ്കിൽ ഇവിടെ പുതിയ പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ പാലത്തിന്റെ നിർമ്മാണത്തിന് ആവശ്യമായി വരുന്ന ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (സി) | ഉണ്ട്. പ്രസ്തുത പാലം പുനർ നിർമ്മിക്കുന്നതിനായി 29 കോടിയുടെ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ